I/6000186/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

നം.REV-P1/156/2022-REV

റവന്യൂ (പി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 22-12-2023

## സർക്കുലർ

വിഷയം:- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമിയുടെ സ്വഭാവ വ്യതിയാനം - ജലസംരക്ഷണത്തിനായി മാറ്റി വെയ്ക്കുന്ന ഭൂമിയ്ക്ക് ഫീസ് ഈടാക്കേണ്ടതില്ലെന്ന പൊതു നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 19.05.2022-ലെ REV-P1/85/2022-REVനം. സർക്കാർ കത്ത്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി, ഫോറം 7 - ൽ നല്കുന്ന അപേക്ഷകളിൽ, ജല സംരക്ഷണത്തിന് മാറ്റി വയ്ക്കേണ്ടുന്ന ഭൂമിയ്ക്ക്, സ്വഭാവ വ്യതിയാനത്തിനായി അടവാക്കേണ്ട ഫീസ് ഈടാക്കേണ്ടതില്ലെന്ന്, സൂചന പ്രകാരം നിർദേശം നൽകിയിരുന്നെങ്കിലും, ഇപ്രകാരമുള്ള ഫീസ് വീണ്ടും ഈടാക്കി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ, ടി വിഷയത്തിൻമേൽ ചുവടെ ചേർത്ത പ്രകാരമുള്ള പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ജലസംരക്ഷണത്തിനായി മാറ്റി വെയ്ക്കുന്നതും റവന്യൂ രേഖകൾ പ്രകാരം തണ്ണീർത്തടമായി നിലനിൽക്കുകയും ചെയ്യുന്ന ഭൂമിക്ക് സ്വഭാവ വ്യതിയാന ഫീസ് ഈടാക്കാൻ സാധിക്കുന്നതല്ല. ഇപ്രകാരം, ജലസംരക്ഷണത്തിനായി മാറ്റി വെയ്ക്കുന്ന ഭൂമിയ്ക്ക് സ്വഭാവ വ്യതിയാനത്തിന് അനുമതി നല്കിയിട്ടില്ലാത്തതിനാലും ആക്റ്റ് പ്രകാരമോ ചട്ട പ്രകാരമോ പ്രസ്തുത ഭൂമിയ്ക്ക് ഫീസ് ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും, പ്രസ്തുത ഭൂമിക്ക് 27 എ വകുപ്പ് പ്രകാരമുള്ള സ്വഭാവ വ്യതിയാനത്തിനുള്ള ഫീസ് ( തരം മാറ്റ ഫീസ് ) ഈടാക്കേണ്ടതില്ല.

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 22-12-2023 14:53:27

അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. ലാൻഡ് റവന്യൂ കമ്മീഷണർ
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3, എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
4. കൃഷി വകുപ്പ്

5. തദ്ദേശസ്വയംഭരണ വകുപ്പ്
6. വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
7. വെബ് & ന്യൂ മീഡിയ/ പ്രസ്സ് റിലീസ് (വിപുലമായ പ്രചാരണത്തിന്)
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി